# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*117 01.07.2015 ൽ മറുപടിക്ക്**

**റോഡുകളുടെ ശോച്യാവസ്ഥ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.കെ.കെ.ജയചന്ദ്രൻ<br>,, കെ.രാധാകൃഷ്ണൻ<br>,, എം.ചന്ദ്രൻ<br>,, ജെയിംസ് മാത്യു | | ശ്രീ വി കെ ഇബ്രാഹീം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| എ) | ഗതാഗതയോഗ്യമല്ലാത്ത തരത്തിൽ തകർന്ന നിലയിലായ റോഡുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ ; | എ) | ഗതാഗത യോഗ്യമല്ലാത്ത തരത്തിൽ തകർന്ന റോഡുകളൊന്നും തന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല . |
| ബി) | പുതുതായി പണി പൂർത്തിയാക്കിയ പാതകൾ പോലും തകരാനിടയായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ ; | ബി) & സി) | ദേശീയപാത വിഭാഗത്തിലെ നിർമ്മാണ പ്രവൃത്തികളെല്ലാം തന്നെ ഇൻഡ്യൻ റോഡ് കോൺഗ്രസ്സിന്റെ നിബന്ധനകൾക്കും മോർത്ത് (MORTH) സ്പെസിഫിക്കേഷനും അനുസരിച്ചാണ് നടത്തുന്നത്. നിർമ്മാണ ഘട്ടത്തിൽ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി എല്ലാ സംവിധാനങ്ങളോടും കൂടിയ ഗുണനിലവാര പരിശോധന ലാബോറട്ടറി സംവിധാനങ്ങൾ കരാർ പ്രകാരം സൈറ്റിൽ കോൺട്രാക്ടർ സ്ഥാപിച്ച് ദേശീയപാതയുടെ കീഴിലുള്ള ഗുണനിലവാര പരിശോധന വിംഗിന്റെ മേൽ നോട്ടത്തിൽ ടെസ്റ്റുകൾ നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നു. കൂടാതെ സംസ്ഥാന പൊതുമരാമത്ത് വകുപ്പിലെയും. കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിലെയും എഞ്ചിനീയർമാർ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തി ഗുണ നിലവാരം ഉറപ്പുവരുത്തുന്നു. ആയതിനാൽ പുതുതായി |
| സി) | പ്രസ്തുത അവസ്ഥയ്ക്ക് കാരണമെന്തെന്ന് വിശദമാക്കുമോ ; | | |

പണി പൂർത്തിയാക്കിയ പാതകളൊന്നും തന്നെ തകരുന്നില്ല. എന്നാൽ ആവശ്യമായ ഡ്രെയിനേജ് സംവിധാനങ്ങളുടെ അഭാവത്തിലും വാട്ടർ പൈപ്പുകളിലുള്ള ലീക്കേജ് മൂലവും ചില സ്ഥലങ്ങളിൽ റോഡുകളിൽ കേടുപാടുകൾ സംഭവി ക്കുന്നുണ്ട്. ഇത്തരം കേടുപാടുകൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്കു തന്നെ അവയ്ക്കുള്ള പരിഹാര നടപടികൾ സ്വീകരിക്കാറുണ്ട്. സംസ്ഥാനപാതകളിൽ പഞ്ചായത്തുകളിൽ നിന്നും സർക്കാർ ഏറ്റെടുത്ത് എം ഡി ആർ ആയി വിജ്ഞാപനം പുറപ്പെടുവിച്ച റോഡുകൾ വർഷങ്ങളായി പുനരുദ്ധാരണ പ്രവൃത്തികൾ നടത്താതിരുന്നത് കൊണ്ട് അടിക്കടി കേടുപടുകൾ സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ കേടുപാടുകൾ അതാതു സമയങ്ങളിൽ തന്നെ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

| | |
|---|---|
| ഡി) ഗതാഗതയോഗ്യമല്ലാത്ത റോഡുകളിൽ അപകടങ്ങളും അത് മൂലമുള്ള മരണങ്ങളും പതിവാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അവ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ? | റോഡുകളിൽ അപകടങ്ങൾ നടക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇവയിൽ ഭൂരിഭാഗവും റോഡു ഉപയോഗിക്കുന്നവരുടെ അശ്രദ്ധമൂലമാണ് ഉണ്ടാകുന്നത്. റോഡുകളിലുള്ള കേടുപാടുകൾ പരിഹരിക്കുന്നതിന് യഥാസമയം നടപടി സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ